# നീതിയിൽ ജീവിക്കുക

## സദൃശ്യവാക്യങ്ങൾ 11:4

“ക്രോധദിവസത്തിൽ സമ്പത്തു ഉപകരിക്കുന്നില്ല; നീതിയോ മരണത്തിൽ നിന്നു വിടുവിക്കുന്നു.”

ഈ വചനം ധ്യാനിക്കുമ്പോൾ ആദ്യമായി നാം ഓർത്തുകൊള്ളേണ്ട ഒരു കാര്യമുണ്ട്, ആദിമ ക്രൈസ്തവസഭയിൽ ക്രിസ്തുവിന്റെ അനുയായികൾക്ക് മുതൽക്കൂട്ട് എന്നു പറയാൻ ഉണ്ടായിരുന്നത് ദാരിദ്ര്യവും, കഷ്ടതയും, പീഢനവും, അങ്ങിനെ ജീവിതത്തെ തന്നെ മടുപ്പിക്കുന്ന അസഹിഷ്ണുത വാണിരുന്ന ഒരു കാലമായിരുന്നു. ഈ അവസ്ഥയിൽ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് സ്വയരക്ഷക്കുപകരിക്കുന്ന മാർഗ്ഗങ്ങളിലേക്ക് നീങ്ങാൻ അവർക്കു പ്രേരണാഘടകങ്ങൾ ധാരാളമായിരുന്നു. എന്നാൽ അവിടെയെല്ലാം അവർ ദൈവത്തെ മുറുകെപിടിച്ചുകൊണ്ട് ജീവിതം മുന്നോട്ട് നയിച്ചു. അതിൻഫലമായി അവർക്ക് ദൈവവാഗ്ദത്തങ്ങളുടെനിവൃത്തി ധാരാളമായി അനുഭവിക്കുവാൻ ഇടയായിത്തീർന്നു. എന്നാൽ ഇന്നത്തെ അവസ്ഥ എപ്രകാരമാണെന്നൊന്നു ചിന്തിച്ചു നോക്കിയാൽ, എല്ലാം തലകീഴായി മറിഞ്ഞു. ഇന്നു ക്രിസ്തുവിന്റെ അനുയായികൾ എന്നു പറഞ്ഞു വിശ്വാസഗോളത്തിൽ നിൽക്കുന്നവരിൽ ഭൂരിഭാഗം പേരും വളരെ സമ്പന്നരും അതിലുപരി അവരുടെ ജീവിതത്തിൽ ദാരിദ്ര്യവും, പീഢകളും, കഷ്ടതകളും, എന്തെന്നു വാസ്തവത്തിൽ അറിയാത്തവരുമായി മാറ്റപ്പെട്ടു. അതിൻഫലമായി ആദിമസഭയിൽ ഉണ്ടായിരുന്ന ആ തീഷ്ണതയും, ശക്തിയുമെല്ലാം ഇന്നത്തെ വിശ്വാസ സമൂഹത്തിനില്ലാതെ വന്നിരിക്കുന്നു.

സദൃശ്യവാക്യങ്ങൾ 10:2 ലും നമ്മെ ഇതേ കാര്യം തന്നെയാണ് ഓർമ്മിപ്പിക്കുന്നത്, “ദുഷ്ടതയാൽ സമ്പാദിച്ച നിക്ഷേപങ്ങൾ ഉപകരിക്കുന്നില്ല; നീതിയോ മരണത്തിൽ നിന്നു വിടുവിക്കുന്നു.” ഇന്നു ലോകത്തിൽ നാം പലതും നേടുന്നതിനായി സമ്പാദിച്ചുകൂട്ടുമ്പോൾ ഒരു കാര്യം മാത്രം മറന്നു പോകരുത്. ഈ കാണുന്നതെല്ലാം ഇന്നല്ലെങ്കിൽ നാളെ മാറിപ്പോകുന്ന വെറും മായയായ കാര്യങ്ങൾ മാത്രമാണ്. എന്നാൽ തന്റെ സ്വന്ത പുത്രന്റെ ജീവൻ വിലകൊടുത്തു നിനക്കു വേണ്ടി ദാനമായി നേടിത്തന്ന ആ വലിയ രക്ഷ നീ ഗണ്യമാക്കാതെ പോകുന്നുവെങ്കിൽ അതു നിന്നെ കർത്താവിന്റെ ക്രോധദിവസത്തിലേക്കു മാറ്റിനിർത്തിയിരിക്കുന്നു എന്നു അനുമാനിക്കാം. ഇന്നത്തെ നിന്റെ നിലനിൽപ്പിനു വേണ്ടി ഏതുവിധേനയേയും സമ്പാദിച്ചുകൂട്ടി നീണ്ട ഒരു സന്തോഷമായ ജീവിതം നയിക്കാമെന്നു വിചാരിച്ചാൽ നിനക്കു തെറ്റി. അവിടെയാണ് കർത്താവു ധനവാനായ മനുഷ്യനോട് ചോദിക്കുന്ന ആ ചോദ്യത്തിന്റെ പ്രസക്തി “മൂഢാ,

ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും.” (ലൂക്കോസ് 12:20).

നീതിയിൽ ജീവിക്കുക എന്നത് ഒരു ദൈവപൈതലിനെ സംബന്ധിച്ച് തന്റെ ജീവിതത്തിൽ വളരെ ഗൗരവമേറിയ ഒരു കാര്യമാണ് എന്നാൽ അതുപോലെ തന്നെ വളരെ ദുഷ്കരമായതുമാണ്. 1 യോഹന്നാൻ 1:7 ൽ പറയുന്നു “അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.” ഓരോ നിമിഷവും നമ്മുടെ ജീവിതത്തിലേക്കു കടന്നു കൂടുന്ന അന്ധകാരത്തിന്റെ അവസ്ഥകളെയെല്ലാം ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ്, ക്രിസ്തുവാകുന്ന നിത്യ വെളിച്ചത്തിൽ ജീവിക്കാൻ നാം നമ്മെത്തന്നെ ഏൽപ്പിച്ചുകൊടുക്കുമ്പോൾ, അവൻ നമ്മെ ശുദ്ധീകരിച്ച് നീതിയിൽ നടക്കുവാൻ സഹായിക്കുന്നു. യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനെക്കും തുറന്നിരിക്കുന്നു എന്ന് സങ്കീർത്തനങ്ങളിൽ നാം കാണുന്നു. ജഡീകാഭിലാഷമായ പണ സമ്പാദനം വിട്ട് നീതിയിൽ ജീവിക്കുക വഴി നമ്മുടെ ആത്മമരണത്തെ നമുക്ക് ദൈവം നീക്കിത്തരുന്നു.

ഇന്ന് ഈ വചനം ധ്യാനിച്ചുകഴിയുമ്പോൾ നമ്മുടെ ജീവിതത്തെ ഒന്നു ശോധന ചെയ്യുക. ലോകത്തിന്റെ സമ്പാദ്യങ്ങളുടെ പിറകേ പോയി നമ്മുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം വ്യർത്ഥമാക്കിക്കളഞ്ഞവരായ നാം അതിൽ നിന്ന് മാറി, നമ്മുടെ ജീവിതത്തിൽ നമുക്ക് ദാനമായി ലഭിച്ചിരിക്കുന്ന രക്ഷയെ നിലനിർത്താൻ നീതിയിൽ ജീവിപ്പാനും, ആ നീതിയെ കൈവരിപ്പാൻ സത്യത്തെ പിന്തുടരാനും, നമ്മെ തന്നെ ദിനം പ്രതി പാപത്തിന്റെ അവസ്ഥയിൽ നിന്നു കഴുകി വിശുദ്ധീകരിക്കാൻ ദൈവസന്നിധിയിൽ താണിരിപ്പാനും തക്കവണ്ണം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ ശ്രമിക്കാം. അതിനു ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

1 തിമൊഥെയൊസ് 6:17–19

ഈ ലോകത്തിലെ ധനവാന്മാരോടു ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും നന്മ ചെയ്‌വാനും സൽപ്രവൃത്തികളാൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന്നു വരും കാലത്തേക്കു നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക.

ബ്രദർ ബിനു ബേബി ആലപ്പുഴ 056